കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിറമരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

E-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.16/2353/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 07.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

നിറമരുതൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എബികെ 11/17

നം. കെ.എസ്.എ.എം.പി.എം.16/2353/2017

തിയ്യതി:07.11.2017

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-11-2016 മുതൽ 23-9-17തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26-09-2017മുതൽ 10-10-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സെൽമത്ത്.ടി.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സിന്ധു.ഐ. | സീനി.ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സുഹറ റസാഖ് | 01.4.2016 മുതൽ31.3.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.രജീന്ദ്രനാഥ് | 01.4.2016 മുതൽ31.3.2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.ജസ്സിയബീവി.എം.എ | 01.04.2016-16.08.2016 |
| | vacant | 17.08.2016-30.08.2016 |
| | ശ്രീ.N.M. ഷെറീഫ് | 31.08.2016-31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി.അപർണ.കെ.എസ് | 01.04.2016-31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീ.റമീസ്.ടി.പി. | 01.04.2016-31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡെൻസി.പി.സൈമൺ | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഫാത്തിമത്ത് സുഹറ | 01.04.2016-31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അനിത | 1.04.206-31.03.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജസീന ഹമീദ് | 1.04.2016-31.05.2016<br>27.01.2017-31.03.2017 |
| | ഡോ.സാക്കീർ | 1.06.2016-26.01.2017 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ബിനീഷ്.എ. | 1.04.2016-20.08.2016 |
| | ശ്രീ.മഹേഷ് | 21.08.2016-31.03.2017 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശിവദാസൻ.പി.ആർ | 1.04.2016-31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | NOC ഇല്ലാതെ 100 ച.മീറ്ററിൽ താഴെയുള്ള വീടുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചു | 2-1 | |
| 13 | റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നില്ല, തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 2-2 | |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല | 2-3 | |

| | | | |
|---|---|---|---|
| 15 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിഭജിച്ച് കെട്ടിടനമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | കാലഹരണപ്പെട്ട നിക്ഷേപത്തുകകൾ നിക്ഷേപമായി നിലനിർത്തിയിരിക്കുന്നു | 3-1 | |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-2 | |
| 18 | തുല്യതാ പരീക്ഷ – അയോഗ്യത കാരണം മുൻ വർഷം നിരസിച്ച അപേക്ഷ തൻ വർഷം അനുവദിച്ചു | 3-3 | |
| 19 | തുല്യതാ പരീക്ഷ – ചെലവഴിക്കുന്ന തുകയിൽ ഒരു ഭാഗം പാഴ്ചെലവായി മാറുന്നു | 3-4 | |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - സ്ഥാപനത്തിന്റെ ആവശ്യകത പരിഗണിക്കുന്നില്ല | 3-5 | |
| 21 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചില്ല | 3-6 | |
| 22 | SC വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിയത് - ഒരേ സ്ഥാപനം രണ്ട് പേരുകളിൽ ടെണ്ടർ സമർപ്പിച്ചു | 3-7 | |
| 23 | അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം വികസന ഫണ്ടിൽ നിന്ന് തുക നൽകി | 3-8 | |
| 24 | ABC പ്രോഗ്രാം - അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-9 | |
| 25 | PMAYഗ്രാ.പ. വിഹിതം - ചെലവഴിക്കാത്ത തുക തിരികെ ആവശ്യപ്പെടേണ്ടതാണ് | 3-10 | |
| 26 | ഒരേ യാത്രക്ക് രണ്ട് തവണ വീതം വാഹനവാടക നൽകി | 3-11 | |
| 27 | മരുന്ന് വാങ്ങൽ - ലഭ്യതാ വിവരം ഹാജരാക്കിയില്ല | 3-12 | |

| | | | |
|---|---|---|---|
| 28 | മരാമത്ത്പ്രോജക്ടുകളുടെആവിഷ്കരണവുംനിർവ്വഹണവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 3-13 | |
| 29 | ആശ്രയ പദ്ധതി നിശ്ചലാവസ്ഥയിൽ | 3-14 | |
| 30 | കുടുംബശ്രീ- പാചകവാതക വായ്പ- കുടിശ്ശിക സംബന്ധിച്ച് | 3-15 | |
| 31 | വിതരണ വിവരം ലഭ്യമല്ല | 3-16 | |
| ഭാഗം IV – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് 05.03.2016ലെ II-ാംനമ്പർ തീരുമാനപ്രകാരം(പുതുക്കിയത് 22.3.2017ലെ I-ാംനമ്പർ തീരുമാനം) അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-17 | 23-06-17 | ----- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-09-2017, 28-09-2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക കണക്കുകളിലെ അപാകതകൾ

1. AFS പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ കൂലി ഇനത്തിലുള്ള

ചെലവ് തുക 1,89,54,608 രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് തുക 94,77,304

രൂപയാണ്.വ്യത്യാസം 94,77,304 രൂപ(ഇരട്ടിപ്പ്).

2. വർഷാന്ത്യ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. വസ്തു നികുതി പിരിവ് സംബന്ധിച്ച സഞ്ചയ സോഫ്റ്റ്വെയർ സാംഖ്യ സോഫ്റ്റ്വെയറുമായി

ബന്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

5. Building Permit, Regularisation, D&O Licence ,Installation of Machinery, Machinery,Belated Fee , Private Hospital & Para Medical institutions, എന്നീ ഇനങ്ങളിലെ ഫീസുകളുടെയും തൊഴിൽ നികുതി ഇനത്തിലുള്ള വരവിന്റെയും ഡിമാന്റ് രജിസ്ററുകളിൽ മാത്രമേ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുള്ളൂ. മറ്റ് വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ വസ്തു നികുതി ഒഴികെയുള്ള പ്രസ്തുത വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്നും സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ഉള്ള കാര്യങ്ങൾ വ്യക്തമല്ല. വസ്തു നികുതിയുടെ ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

6. Belated Fee ഇനത്തിലെ വരവ് AFS പ്രകാരം 4,475 രൂപയാണ്. എന്നാൽ ആയത് DemandRegister പ്രകാരം

4,950 രൂപയാണ് .

7.ദീർഘ നാളുകളായി ഇടപാടുകൾ നടക്കാത്ത ഒരു ബാങ്ക് അക്കൗണ്ട് പഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നു.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അക്കൗണ്ട് നമ്പർ | അവസാന ഇടപാട് നടന്ന തീയതി | നിലവിലെ ബാലൻസ് 31-03-17) |
|---|---|---|---|
| പൈക്ക | 67136547463 | 20-12-2011 | 5,46,719 |

ടി അക്കൗണ്ട് ക്ലോസ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്,

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30,46,724 |
| വരവ് | 3,52,44,399 |
| ആകെ | 3,82,91,123 |
| ചെലവ് | 3,25,28,710 |
| നീക്കിയിരുപ്പ് | 57,62,413 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (AFSപ്രകാരം) RP 40(b) | നീക്കിയിരിപ്പ് (ACRപ്രകാരം) (Lapsed) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,18,44,870 | 1,18,44,870 | 1,06,97,273 | 0 | 11,47,597 | 90% |
| വികസനഫണ്ട് എസ്.സി.പി. | 0 | 28,50,420 | 28,50,420 | 19,75,054 | 0 | 8,75,366 | 69% |
| വികസനഫണ്ട് ടി.എസ്.പി. | 0 | - | - | - | 0 | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 24,71,064 | 24,71,064 | 10,12,980 | 0 | 14,58,084 | 41% |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,09,961 | 32,09,961 | 18,36,906 | 0 | 13,73,055 | 57% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 66,42,909 | 66,42,909 | 15,40,196 | 0 | 51,02,713 | 23% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 44,28,820 | 44,28,820 | 10,69,163 | 0 | 33,59,657 | 24% |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 0 | 6,93,918(Admn) + 94,77,304(EFMS) = 1,01,71,222 | 1,01,71,222 | 1,01,71,222 | 0 | 0 | 100 |
| ബി ഫണ്ട് | 0 | 2,63,90,440 | 2,63,90,440 | 2,63,90,440 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 185 | 53362973 | 81 | 21371043 | 85 | 19 | 43.78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1976266 | 2778193 | 801927 | + 40.58 |
| നികുതിയേതര വരവുകൾ | 337807 | 386090 | 48283 | + 14.29 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 7792046 | 8569272 | 777226 - | + 9.97 |
| ആകെ | 10106119 | 11733555 | 1627436 | + 16.10 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49920 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 642820 | 69 |
| വിധവാപെൻഷൻ | 9956690 | 1034 |
| വാർദ്ധക്യകാലപെൻഷൻ | 11876035 | 1173 |
| വികലാംഗപെൻഷൻ | 2915375 | 314 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 189600 | 16 |
| വിവാഹ ധനസഹായം | 740000 | 29 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ6(4)-ാം വകുപ്പു പ്രകാരം 27.9.2017ന് സ്ഥാപന തലവൻെറ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,856/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വരവ് ഇനങ്ങളുമായും ചെലവ് ഇനങ്ങളുമായും ബന്ധപ്പെട്ട രജിസ്റ്ററുകൾ എല്ലാം കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പിരിവ് തുകകൾ അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.09.2017 | 8/2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.10.2006 മുതൽ 16.10.2009 വരെ | 2004-05 മുതൽ 2008-09 വരെ | 25.11.2009 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 NOC ഇല്ലാതെ 100m2ൽ താഴെയുള്ള വീടുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചു നല്കി

1.കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 130 പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള പാർപ്പിടങ്ങൾക്കുള്ള നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമില്ല. എന്നാൽ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിന് ചുരുങ്ങിയത് 10 ദിവസങ്ങൾക്ക് മുമ്പ് ഉടമ നിർമ്മാണം സംബന്ധിക്കുന്ന വിശദമായ വിവരങ്ങൾ അനുബന്ധം A2-ൽ നിഷ്കർഷിക്കുന്ന ഫോറത്തിൽ സെക്രട്ടറിയെ അറിയിച്ചിരിക്കേണ്ടതും, സെക്രട്ടറി പ്രസ്തുത അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനകം ഈ കാര്യം സംബന്ധിച്ച് തടസ്സവാദങ്ങൾ ഉണ്ടെങ്കിൽ അത് ഉടമസ്ഥനെ അറിയിക്കേണ്ടതും, അല്ലെങ്കിൽ NOC നൽകേണ്ടതുമാണ്.

2016-17 ൽ പഞ്ചായത്ത് മേൽപ്പറഞ്ഞ ചട്ടം അനുസരിച്ച് NOC നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ, 198-ഓളം വീടുകളുടെ കാര്യത്തിൽ നിർമ്മാണം പൂർത്തിയാക്കിയശേഷമാണ് NOC ക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് കണ്ടു. പ്രസ്തുത അപേക്ഷകളിൽ പരിശോധന നിടത്തി ചട്ട/നിയമ ലംഘനം ഇല്ലാത്തതിനാൽ നികുതി നിർണ്ണയിച്ച്, കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെ.പി.ബി.ആർ അനുസരിച്ച് NOC അനുവദിക്കുന്നതിന് ഫീസ് ഇല്ല. ആയതിനാൽ വൈകി അപേക്ഷ സമർപ്പിച്ച മേല്പറഞ്ഞ 198 അപേക്ഷകരിൽ നിന്നും ഫീസ് ഒന്നും ഈടാക്കിയിട്ടില്ല. എന്നാൽ ചട്ടപ്രകാരം NOCക്ക് അപേക്ഷ സമർപ്പിക്കാത്തവർക്ക് ഫീസ് ഇളവിന് അർഹതയുണ്ടോ എന്ന് ചട്ടത്തിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കി, തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നില്ല തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരങ്ങളും മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാനും തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി (no.2/04.10.2017) പ്രകാരം അറിയിച്ചിട്ടുണ്ട്.

### 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക താഴെ പറയും പ്രകാരം ഈടാക്കാനുണ്ട്

| കെട്ടിട നം | വസ്തു നികുതി 2013-14 | 2014-15 | 2015-16 | 2016-17 | ആകെ |
|---|---|---|---|---|---|
| 3/73 | 430 | 10080 | 10080 | 10080 | 30670 |

| | | | | | |
|---|---|---|---|---|---|
| 17/57 | 465 | 10500 | 10500 | 10500 | 31965 |
| | | | | ഒട്ടാകെ | 62635/- |

കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമ പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലെങ്കിൽ ആയവ നിയമപരമായി കാലാഹരണപ്പെടും. ആയതിനാൽ വസ്തു നികുതി കടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 100m2 ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വിഭജിച്ച് കെട്ടിട നമ്പർഅനുവദിക്കുമ്പോൾ 100m2ൽ താഴെയുള്ള നികുതി നിരക്ക് ഈടാക്കിയത് ക്രമപ്രകാരമല്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ്(2),(5) ഉപ വകുപ്പുകൾ പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഉത്തരവ്(അ) നമ്പർ19/2011/ത.സ്വ.ഭ.വ തീയതി14.1.2011പ്രകാരം 100m2നു മുകളില് തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് 50രൂപയും ഏറ്റവും കൂടിയ നിരക്ക് 70രൂപയുമാണ് അടിസ്ഥാന വസ്തു നികുതി നിരക്ക്.

നിറമരുതൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 7.10.2011ലെ27/11-ാം നമ്പർതീരുമാന പ്രകാരം 100m2നു മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 60/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്40/-രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി (LCഉൾപ്പടെ) | ഈടാക്കേണ്ട വസ്തു നികുതി | വസ്തു നികുതി കുറവ് (LC ഉൾപ്പടെ) |
|---|---|---|---|---|
| കമറുദ്ദീൻ,കല്ലം തിരുത്തി കാന്തളൂര് പറമ്പിൽ | 183.25 | 5561 | 12,700 | 7139/- |

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(15/10.10.2017) പ്രകാരം അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിക്കുന്ന തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാലഹരണപ്പെട്ട നിക്ഷേപത്തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല

വാർഷികകണക്കുകൾ പ്രകാരം 31-3-17തീയതിയിൽ 1,77,303രൂപ

നിക്ഷേപമായി അവശേഷിക്കുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|

| | |
|---|---|
| Contractor's EMD | 1,13,200 |
| Supplier's EMD | 4,800 |
| Bidders' EMD | 22,400 |
| Contractor's Security Deposit | 30,050 |
| Contractor's retention | 6,853 |
| ആകെ = | 1,77,303 |

മേൽ തുകകളിൽ 31-3-14 വരെയുള്ള 1,54,803 രൂപയും ഉൾപ്പെടുന്നുണ്ട്. കാലാവധി കഴിഞ്ഞ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 3-2 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

(a)ഗ്രാ.പ.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ച ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രൊജക്ട്/നമ്പർ | തുക | Try.Bil. No/Date |
|---|---|---|
| എസ്.എസ്.എ. വിഹിതം,S0006/17 | 4,00,000 | 8/16-17, 15-11-16 |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് KWAക്ക് Deposit നൽകൽ, S0087/17 | 2,00,000 | 26/16-17, 29-3-17 |
| തിരൂർ ജില്ലാ ആശുപത്രി ഡയാലിസിസ് യൂണിറ്റിന് ധനസഹായം, S003/17 | 1,00,000 | 10/16-17, 11-11-16 |
| ആകെ = | 7,00,000 | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 7,00,000 രൂപ ഓഡിറ്റിൽതടസ്സം ചെയ്യുന്നു.

(b) തിരൂർ ജില്ലാ ആശുപത്രി ഡയാലിസിസ് യൂണിറ്റിന് ധനസഹായം, എന്ന പ്രൊജക്ട് (S003/17 ) പ്രകാരം തിരൂർ ജില്ലാ ആശുപത്രിക്ക് ധനസഹായം നൽകാനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ തുക നൽകിയത് മലപ്പുറം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള Kidney Patients Welfare Societyക്കാണ്.ആയത് സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ടിൽ നിർദ്ദേശിച്ച സ്ഥാപനത്തിന് നൽകാതെ മറ്റൊരു സ്ഥാപനത്തിന് തുക നൽകിയതിന് കാരണം.

2. വികസന ഫണ്ടിൽ നിന്നും 2016-17 വർഷത്തിൽ Kidney Patients Welfare Societyക്ക് തുക നൽകാൻ സർക്കാർ

അനുമതി നൽകിയിരുന്നില്ല എന്നിരിക്കെ അപ്രകാരം നൽകിയതിന് കാരണം.

(ഇത് സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീ:8/9-10-17) ഗ്രാ.പ.സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല).

## 3-3 തുല്യതാ പരീക്ഷ - അയോഗ്യത കാരണം മുൻ വർഷം നിരസിച്ച അപേക്ഷ തൻ വർഷം പരിഗണിച്ചു, കാരണം വ്യക്തമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ "തുല്യതാ പരീക്ഷ" എന്ന പ്രൊജക്ട് പ്രകാരം (pr.No.SOOO7/17) 82,500 രൂപ തനത് ഫണ്ടിൽ നിന്ന് 2016-17 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട് (Cheque No. 2235222, തീ: 9-2-17). ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 55 പഠിതാക്കളുടെ കോഴ്സ് ഫീ ഇനത്തിലുള്ള തുകയാണ് (@ 1500) സാക്ഷരതാ മിഷന് കൈമാറുന്നതിനായി പിൻവലിച്ചിട്ടുള്ളതെന്ന് കാണുന്നു. ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകത കാണുന്നു.

2015-16 വർഷത്തെ SOO14/16 എന്ന പ്രൊജക്ട് പ്രകാരം തൻ വർഷത്തെ തുല്യതാ പരീക്ഷക്കായി 51,000 രൂപ ടി വർഷത്തിൽ തനത് ഫണ്ടിൽ നിന്ന് അടവാക്കിയിട്ടുണ്ട്( 34 x 1500, DD No/Date: 190768/23-3-16).ആയതിന്റെ ലിസ്റ്റ് പരിശോധിച്ചതിൽ, ശ്രീ മുഹമ്മദ് ലൈസൽ , കുന്നംപുറത്ത് , നിറമരുതൂർ എന്ന പഠിതാവ് ഗ്രേഡിംഗ് സമ്പ്രദായപ്രകാരം 10-ാം ക്ലാസ്സ് പരീക്ഷ എഴുതിയിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കാൻ 29-12-15 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ (തീരുമാനം നമ്പർ : X(10) തീരുമാനിക്കുകയും ടിയാനെ തൻ വർഷത്തെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതേ പഠിതാവ് 2016-17 വർഷത്തെ മേൽ പ്രൊജക്ട് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുകയും ടിയാന് കോഴ്സ് ഫീ ഇനത്തിൽ തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരിക്കൽ നിരസിച്ച അപേക്ഷ പിന്നീട് പരിഗണിക്കാനിടയായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-4 തുല്യതാ പരീക്ഷ - ചെലവഴിക്കുന്ന തുകയുടെ ഒരു ഭാഗം പാഴ് ചെലവ്

2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ ഗ്രാ.പ.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി "തുല്യതാ പരീക്ഷ(10-ാം തരം)" എന്ന പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും വിവിധ തുകകൾ ചെലവഴിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് 10-ാം തരത്തിലെ പരീക്ഷ എഴുതുന്നതിനായി സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള തുക(രജി.ഫീ) ഇനത്തിലാണ് (@ 1500രൂപ) തുകകൾ നൽകിയിരിക്കുന്നത്. ടി ചെലവുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നമ്പർ | പഠിതാക്കളുടെ എണ്ണം | തുക |
|---|---|---|---|
| 2014-15 | - | 28 | 42,000 |
| 2015-16 | SOO14/16 | 34 | 51,000 |
| 2016-17 | SOO7/17 | 55 | 82,500 |
| ആകെ = | | 117 | 1,75,500 |

മേൽ പദ്ധതി പ്രകാരം സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട 117 പേരിൽ ഓരോ വർഷവും പരീക്ഷ എഴുതിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ പഠിതാക്കളുടെ എണ്ണം | പരീക്ഷ എഴുതിയവരുടെ എണ്ണം |
|---|---|---|
| 2014-15 | 28 | 24 |
| 2015-16 | 34 | 23 |
| 2016-17 | 55 | 37 |
| ആകെ = | 117 | 84 |

117പേർക്കായി 1,75,500 രൂപ 3 വർഷങ്ങളിലായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ടി അവസരം പ്രയോജനപ്പെടുത്തിയിട്ടുള്ളത് 84 പേർ മാത്രമാണ്. ഒരിക്കൽ ടി പരീക്ഷക്ക് രജിസ്റ്റർ ചെയ്താൽ 3 തവണ

(തുടർച്ചയായുള്ള വർഷങ്ങൾ) പരീക്ഷ എഴുതാവുന്നതാണ്. എന്നാൽ മേൽ പട്ടിക പ്രകാരമുള്ള 33 പഠിതാക്കൾ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. 33 പേർ പരീക്ഷ എഴുതാതിരുന്നതിലൂടെ 2014-15 മുതൽ 2016-17വരെയുള്ള 3 വർഷങ്ങളിലായി 49,500 രൂപ പഞ്ചായത്തിന് നഷ്ടപ്പെടുകയുണ്ടായി(ആകെ ചെലവിന്റെ 28%).

വിവിധ കാരണങ്ങളാൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ വരുന്നവർക്കാണ് സാക്ഷരതാ മിഷൻ മുഖേന 10-ാം തരത്തിലേക്കുള്ള തുല്യതാ പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്നത്. ഓരോ ത.സ്വ.ഭ.വ.സ്ഥാപനങ്ങളിലും ഇത്തരത്തിൽ പഠനം ഇടക്ക് വെച്ച് മുടങ്ങിപ്പോയ ആളുകളെ കണ്ടെത്തി അവരിൽ താല്പര്യമുള്ളവർക്ക് 10-ാം തരം പരീക്ഷ എഴുതാനുള്ള അവസരം നൽകുന്നതിലൂടെ വിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായ തരത്തിലുള്ള ഇടപെടലാണ് ഓരോ ത.സ്വ.ഭ.വ.സ്ഥാപനങ്ങളും നടത്തുന്നത് എന്നത് നിസ്തർക്കമാണ്. എന്നാൽ ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്താത്തവർക്കായി തുക ചെലവഴിക്കുന്നത് ഫണ്ടുകളുടെ പാഴ് ചെലവായി മാറുന്ന കാഴ്ച്ചയാണ് കാണാൻ കഴിയുന്നത്. ഇത്തരം പ്രൊജക്ട് എല്ലാ ത.സ്വ.ഭ.വ.സ്ഥാപനങ്ങളും എല്ലാ വർഷങ്ങളിലും നടപ്പിലാക്കി വരുന്നതിനാൽ ഓരോ വർഷവും ഇത്തരത്തിൽ നഷ്ടപ്പെടുന്ന തുകയും കൂടി വരുന്നു. രജിസ്റ്റർ ചെയ്യപ്പെടുന്നവരിൽ എല്ലാവർക്കും പരീക്ഷ എഴുതാൻ ഒരു പക്ഷേ സാധിച്ചില്ലെന്ന് വരാം. എങ്കിലും പരീക്ഷ എഴുതാൻ തികച്ചും താല്പര്യം ഉള്ളവരെ കണ്ടെത്തി ഇത്തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പാക്കുന്നതിലൂടെ മേൽ പരാമർശിച്ച പ്രകാരമുള്ള പാഴ്ച്ചെലവ് ഒരു പരിധി വരെ നിയന്ത്രിക്കാവുന്നതാണ്. താല്പര്യവും സന്നദ്ധതതയും ഉള്ളവർക്ക് മാത്രമായി ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.-

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - സ്ഥാപനത്തിന്റെ ആവശ്യകത പരിഗണിക്കുന്നില്ല

ഗ്രാ.പ.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ" എന്ന് പ്രൊജക്ട് പ്രകാരം (Pr.No.SO019/17) 2016-17 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 3,00,000 രൂപ "HOMCO"ക്ക് നൽകിയിട്ടുണ്ട്(Try.Bill No.20/16-17,തീ: 14-3-17). ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു

20-10-16ലെ PF-206-ാം നമ്പർ പ്രകാരമുള്ള പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഫയലിൽ കാണുന്നു.ഹോമിയോ മെഡിക്കൽ ഓഫീസറുടെ (NRHM) 7-1-17 തീയതിയിലെ കത്ത് പ്രകാരം 189 ഇനം മരുന്നുകളാണ് സ്ഥാപനത്തിന് ആവശ്യമുണ്ടായിരുന്നത്. എന്നാൽ മേൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 16 ഇനം മരുന്നുകളും 8 ഗ്ലാസ്സ് ബോട്ടിലുകളും First Aid kit, Remedy kit എന്നിവയുമാണ് ഉൾപ്പെടുന്നത്. ഹോമിയോ മെഡിക്കൽ ഓഫീസർ നൽകിയ ലിസ്റ്റ് പ്രകാരം ഗ്ലാസ്സ് ബോട്ടിലുകൾ , First Aid kit, Remedy kit എന്നിവ സ്ഥാപനത്തിന് ആവശ്യമുള്ളതായി അറിയിച്ചിരുന്നില്ല. ഇപ്രകാരം ആവശ്യമുള്ള മരുന്നുകൾക്ക് പകരം അവയിൽ നിന്നും വിഭിന്നമായതും സ്ഥാപനം ആവശ്യപ്പെടാത്തതുമായ ഉപകരണങ്ങൾക്കായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No/Date: 7/9-1-17) മറുപടി ലഭ്യമായിട്ടില്ല.

പ്രൊഫോർമ ഇൻവോയ്സ് ലഭിച്ച സമയത്ത് ഹോമിയോ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് ആയതിന്റെ പ്രാഥമിക പരിശോധന നടത്തിയിരുന്നു എങ്കിൽ മേൽ അപാകത ശ്രദ്ധയിൽ പെടുമായിരുന്നു. എന്നാൽ അത്തരത്തിലുള്ള പരിശോധന ഇവിടെ നടന്നിട്ടില്ല. സ്ഥാപനം ആവശ്യപ്പെട്ട മരുന്നുകൾ ഏതൊക്കെ എന്ന് പരിശോധിക്കാതെ, വകയിരുത്തിയ തുകക്ക് തത്തുല്യമായ ഒരു ഇൻവോയ്സ് അയച്ചു തരികയാണ് HOMCO ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ , യാതൊരു വിധത്തിലുള്ള പരിശോധനയും കൂടാതെ, നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഗ്രാ.പ.സെക്രട്ടറി തുക അനുവദിക്കുകയും ചെയ്തു.

മരുന്നുകൾ ഓഡിറ്റ് തീയതി വരെയും ലഭ്യമായിട്ടില്ലെന്ന് ഹോമിയോ മെഡിക്കൽ ഓഫീസർ വാക്കാൽ അറിയിക്കുകയുണ്ടായി. ആയതിനാൽ 7-1-17 തീയതിയിലെ കത്ത് പ്രകാരം ഉള്ള189 ഇനം മരുന്നുകൾ തന്നെ ലഭ്യമാക്കാൻ HOMCOയോട് ആവശ്യപ്പെടേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്. ഹോമിയോ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-6 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ : 58/17

അടങ്കൽ : 400000/- രൂപ. എം.ജി(എൻ.ആർ)

ചെലവ് : 400000/- രൂപ.

ബിൽ നമ്പർ 3/16.2.17

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(ഐ.എസ്.എം)

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, ആയുർവ്വേദ മരുന്ന് ലഭ്യമാക്കുന്നതിന് മേൽ ബിൽ പ്രകാരം 4 ലക്ഷം രൂപ ഔഷധിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും, തുടർന്ന്, ഔഷധി താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 844/21.3.17 | 148162.00 |
| 2 | 5170/31.3.17 | 60990.00 |
| 3 | 90024285/6.7.17 | 63632.00 |
| 4 | 90026579/20.7.17 | 49309.00 |
| ആകെ | | 322093.00 |

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. 400000-322095=77905.00 രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്.

2. 90026579/20.7.17 നമ്പർ ഇൻവോയ്സിലെ മരുന്നുകളിൽ ക്രമനമ്പർ 6 ഉം 7 ഉം ആയി പറഞ്ഞിട്ടുള്ള 9838 രൂപ (3660+5129=8784x12% നികുതി) വിലവരുന്ന ധാന്വന്തരം എന്ന മരുന്ന് യഥാർത്ഥത്തിൽ ലഭ്യമാക്കിയിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ അനുസരിച്ച് ഈ മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല)

അപാകതകളുടെ വെളിച്ചത്തിൽ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില 77905+9838 =87743.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് വിതരണം ചെയ്തതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിയത് - ഒരേ സ്ഥാപനം രണ്ട് പേരുകളിൽ ടെണ്ടർ സമർപ്പിച്ചത് സംബന്ധിച്ച്.

എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് താഴെ വിശദമാക്കിയ വിധം രണ്ട് പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്

| പ്രൊജക്ട് നമ്പർ | SO.64/17 | 30/17(New) |
|---|---|---|
| പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് | എസ്.സി. വിദ്യാർത്ഥികൾക്ക് |

| | | |
|---|---|---|
| | ഫർണ്ണിച്ചർ, സൈക്കിൾ | ഫർണ്ണിച്ചർ, സൈക്കിൾ |
| അടങ്കൽ | 44000.00<br>പ്ലാൻ (എസ്.സി.പി) | 170000.00<br>പ്ലാൻ (എസ്.സി.പി) |
| ചെലവ് | 43994.00<br>ബിൽ നം.5/29.3.17 | 91884.00<br>ബിൽ നം.6/29.3.17 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |

ടെണ്ടർ ക്ഷണിച്ചാണ് മേൽ പ്രൊജക്ടുകളിലെ ഗുണഭോക്താക്കൾക്ക് വേണ്ട സൈക്കിൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ സൈക്കിൾ വിതരണം ചെയ്യുന്നതിന് ആകെ സമർപ്പിക്കപ്പെട്ട രണ്ട് ടെണ്ടറുകളും ഒരേ സ്ഥാപനം തന്നെ രണ്ട് പേരുകളിൽ സമർപ്പിച്ചിട്ടുള്ളതാണെന്ന് കണ്ടു. ഇതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

ടെണ്ടർ നോട്ടീസ് നമ്പർ.Sec/NMRT/T1/2016-17 തീയ്യതി. 21.02.17 അനുസരിച്ചാണ് മേൽ പ്രൊജക്ടുകളിലേക്കും മറ്റ് വിവിധ പ്രൊജക്ടുകളിലേക്കും ഉള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചത്. ഇതെ തുടർന്ന് സൈക്കിൾ വിതരണം ചെയ്യുന്നതിന് താഴെ പറഞ്ഞ പ്രകാരം രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്.

| ക്രമ നമ്പർ | സ്ഥാപനം | സൈക്കിൾ ഇനം | നിരക്ക് (രൂപ) |
|---|---|---|---|
| 1 | സഫാരി സൈക്കിൾസ്<br>തിരൂർ റോഡ്, ഡൌൺഹിൽ മലപ്പുറം | 24 ടയർ ടൈപ്പ്.മെയ്ൽ, ഹീറോ നിട്രോ ഇൻഡിക്ക 26 ടി | 3995.00 |
| | | ഹീറോ മിസ്സ് ഇൻഡിക്ക വെൽവെറ്റ് 26 ടി | 3995.00 |
| 2 | സഫാരി ട്രേഡിംഗ് കമ്പനി<br>ഈസ്റ്റ് കോഡൂർ, ചാക്കീരിമിൽ<br>ചട്ടിപ്പറമ്പ.പി.ഒ<br>മലപ്പുറം | 24 ടയർ ടൈപ്പ്.മെയ്ൽ, ഹീറോ നിട്രോ ഇൻഡിക്ക 26 ടി | 4150.00 |
| | | ഹീറോ മിസ്സ് ഇൻഡിക്ക വെൽവെറ്റ് 26 ടി | 4200.00 |

ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സഫാരി സൈക്കിൾസ് തിരൂർ ന്റെ ടെണ്ടർ ഭരണ സമിതി

തീരുമാനം നമ്പർ 1(1)/9.3.17 പ്രകാരം അംഗീകരിച്ച്, ബി.3/5006/13 തീയ്യതി.10.3.17 കത്ത് മുഖേനെ 34സൈക്കിളുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി. തുടർന്ന് സ്ഥാപനം താഴെ പറയുന്ന ഇൻവോയ്സുകൾ അനുസരിച്ച് മേൽപ്പറഞ്ഞ രണ്ട് പ്രൊജക്റ്റുകളിലേക്കും വേണ്ട സൈക്കിളുകൾ വിതരണം ചെയ്യുകയും, പ്രതിഫലം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | ഇൻവോയ്സ് നമ്പർ, തീയ്യതി. | നിരക്ക് | സൈക്കിളുകളുടെ എണ്ണം | തുക |
|---|---|---|---|---|
| SO.64/17 | 484/25.3.17 | 3995.00 | 11 | 43994 |
| 30/17 | 486/25.3.17 | 3995.00 | 23 | 91884 |
| ആകെ | | | | 135878 |

സഫാരി ട്രേഡിംഗ് കമ്പനിയുടെ ലെറ്റർ പാഡിൽ സ്ഥാപനത്തിന്റെ ജനറൽ മാനേജറുടെ പേര് ശിഹാബുദ്ദീൻ എന്നും , കോണ്ടാക്റ്റ് ചെയ്യേണ്ട ഫോൺ നമ്പർ 9562600200 എന്നും പ്രിന്റ് ചെയ്തിട്ടുണ്ട്. സഫാരി സൈക്കിൾസിന്റെ ലെറ്റർ പാഡിൽ ജനറൽ മാനേജരുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. പക്ഷെ കോണ്ടാക്റ്റ് ചെയ്യേണ്ട ഫോൺ നമ്പർ 9562600200 തന്നെയാണ്. രണ്ട് സ്ഥാപനങ്ങളും ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്രാഥമിക ഉടമ്പടിക്ക് വേണ്ട സ്റ്റാമ്പ് പേപ്പർ വാങ്ങിയതും ഉടമ്പടി ഒപ്പുവച്ചതും ശിഹാബുദ്ധീൻ.കെ ആണ്. സഫാരി സൈക്കിൾസ് പഞ്ചായത്തുമായി ഒപ്പുവച്ച പർച്ചേസ് എഗ്രിമെന്റ് ഒപ്പുവച്ചതും ശിഹാബുദ്ദീൻ.കെ ആണ്. ഇതെല്ലാം വ്യക്തമാക്കുന്നത് മേൽപ്പറഞ്ഞ രണ്ട് ടെണ്ടറുകളും സമർപ്പിച്ചിട്ടുള്ളത് ഒരു സ്ഥാപനം തന്നെയാണ് എന്നാണ്. ഒരേ സ്ഥാപനം വ്യത്യസ്ത പേരുകളിൽ രണ്ട് ടെണ്ടറുകൾ സമർപ്പിക്കുന്നത് ടെണ്ടർ നിബന്ധനകളുടെ ലംഘനമാണെന്ന് മാത്രമല്ല, ഇത് പഞ്ചായത്തിന് മനപ്പൂർവ്വം സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന നടപടിയുമാണ്. ടെണ്ടററുടെ ഭാഗത്തുനിന്നുണ്ടായ ഈ നടപടി കണ്ടെത്തി പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12/9.10.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 10.10.17 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, രണ്ട് ടെണ്ടറുകളും സമർപ്പിച്ചത് ഒരേ സ്ഥാപനമാണെന്ന കാര്യം ടെണ്ടർ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ടില്ലെന്നും, , ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും അംഗീകരിച്ചിട്ടുണ്ടെന്നും, അംഗീകരിച്ച നിരക്ക് കുറവാണെന്നും, ഈ വാങ്ങൽ മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരേ സ്ഥാപനം തന്നെ രണ്ട് ടെണ്ടറുകൾ സമർപ്പിച്ചതിനാൽ നിരക്കുകൾ തമ്മിൽ താരതമ്യം നടത്തുക അപ്രസക്തമായതിനാൽ, അംഗീകരിച്ച നിരക്ക് കുറവാണെന്നും, ഈ വാങ്ങലിൽ പഞ്ചായത്തിന് നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നുമുള്ള മറുപടി സ്വീകാര്യമല്ല.

GO(RT).2487/2016/LSGD തീയ്യതി. 20.8.16 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖ പ്രകാരം പരമാവധി രണ്ട് ലക്ഷം രൂപ വരെ മൂല്യം വരുന്ന വാങ്ങലുകൾ ലിമിറ്റർ ടെണ്ടർ അനുസരിച്ചാണ് വാങ്ങേണ്ടത്. എന്നാൽ ഈ പ്രൊജക്റ്റിന്റെ അടങ്കൽ രണ്ട് ലക്ഷത്തിൽ കുറവാണെങ്കിലും, ഓപ്പൺ ടെണ്ടറാണ് ക്ഷണിച്ചിട്ടുള്ളത്. മേൽ ഉത്തരവിലെ പട്ടിക 3-4-3 അനുസരിച്ച് ഓപ്പൺ ടെണ്ടറിൽ കുറഞ്ഞത് മൂന്ന് ടെണ്ടറെങ്കിലും ലഭിച്ചില്ലെങ്കിൽ റി ടെണ്ടർ ക്ഷണിക്കണം. ഈ നിർദ്ദേശങ്ങളും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ മേൽ ബില്ലുകൾ പ്രകാരം സൈക്കിൾ വാങ്ങുന്നതിന് ചെലവഴിച്ച തുക 135878/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തി, പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് കാണുന്ന പക്ഷം പ്രസ്തുത നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച സഫാരി സൈക്കിൾസ് എന്ന സ്ഥാപനത്തിനെതിരെ മേല്പറഞ്ഞ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6-2-8 ൽ നിഷ്കർഷിക്കും പ്രകാരം ബ്ലാക്ക് ലിസ്റ്റ്

ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 അംഗൻവാടി ജീവനക്കാർക്കുള്ള ഓണറേറിയം വികസന ഫണ്ടിൽ നിന്ന് നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 ൽ നടപ്പിലാക്കിയ "അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം" എന്ന പ്രൊജക്റ്റ് (No.SO151/17)പ്രകാരം തൻ വർഷത്തിൽ ആകെ 5,93,753 രൂപ ചെലവഴിച്ചിട്ടുണ്ട് (വികസന ഫണ്ട് :4,76,757 – Try.Bill No/Date: 2/16-17, 22-12-16, തനത് ഫണ്ട് 1,16,996).

സ.ഉ(സാധാ)നം.636/2016/LSGD,തീ:16-2 -16, സ.ഉ(എം.എസ്)നം.21/16/സാ.നീ.വ തീ:25-2-16എന്നിവ പ്രകാരം അംഗൻവാടി ജീവനക്കാർക്ക് അധിക വേതനമായി നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയത് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ ടി ഇനത്തിലുള്ള തുക വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മേൽ ആവശ്യത്തിന് തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് വളരെ കുറവായ സാഹചര്യത്തിൽ (31-03-17 തീയതിയിലെ പഞ്ചായത്തിന്റെ തനത് ഫണ്ട് ബാലൻസ് : 8,64,482 രൂപ) മേൽ പരാമർശിച്ച പ്രകാരമുള്ള ചെലവിന് വികസന ഫണ്ട് ഉപയോഗിക്കാൻ സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതായിരുന്നു. മാത്രമല്ല, തുടർന്നുള്ള വർഷവും (2017-18) ഇതേ ഇനത്തിലുള്ള ചെലവിന് വികസന ഫണ്ടാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്നും(അനുമതി വാങ്ങാതെ) നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കാതെ, വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ട വികസന ഫണ്ട് മറ്റാവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2016-17 വർഷത്തിൽ അംഗൻവാടി ജീവനക്കാർക്കായി ഓണറേറിയം ഇനത്തിൽ വികസന ഫണ്ടിൽ നിന്നും4,76,757രൂപ ചെലവഴിച്ച പ്രവൃത്തിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 ABC പ്രോഗ്രാം - അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പ്രൊജക്റ്റ് : തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി

പ്രൊജക്റ്റ് നമ്പർ : SO135/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റി. സർജൻ

മേൽ പ്രൊജക്റ്റ് പ്രകാരം 1,00,000 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് (ചെക്ക് നമ്പർ/തീ: 2235205/15-2-17) മൃഗ സംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി തുക വിനിയോഗിച്ചതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 PMAY ഗ്രാ.പ.വിഹിതം - ചെലവഴിക്കാത്ത തുക തിരികെ ആവശ്യപ്പെടേണ്ടതാണ്

ഗ്രാ.പ.സെക്രട്ടറി നിർവ്വഹണം നടത്തിയ "PMAY വിഹിതം നൽകൽ (SC)"എന്ന പ്രൊജക്റ്റ് പ്രകാരം(Pr.No.SO022/17) തൻ വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 2,00,000 രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്(Try.Bill No/Date: 7/16-17,28-10-16, DD No/Date: 463502/22-11-16). എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവ് (നാടിച്ചി കുണ്ടേനിക്കുന്നത്ത്) മാത്രമാണ് കരാർ വെച്ച് പ്രവൃത്തി തുടങ്ങിയിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ നൽകിയ 2,00,000 രൂപയിൽ നാളിതുവരെ ചെലവഴിച്ചിട്ടില്ലാത്ത 1,80,000 രൂപ പഞ്ചായത്തിലേക്ക് തിരികെ ആവശ്യപ്പെടേണ്ടതാണ്.

## 3-11 രോഗപ്രതിരോധ പ്രവർത്തനങ്ങൾ - ഒരേയാത്രക്ക് രണ്ട് തവണ വാഹന വാടക നൽകി

മെഡിക്കൽ ഓഫീസർ നിർവ്വഹണംനടത്തിയ "രോഗപ്രതിരോധ പ്രവർത്തനങ്ങൾ" എന്ന പ്രൊജക്റ്റ് പ്രകാരം

(Pr.No.S0061/17)തൻ വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ആകെ 1,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ പ്രൊജക്ടിന്റെ ഭാഗമായി വാഹന വാടക നൽകിയതിൽ ഒരേ ദിവസം ഒരേ യാത്രക്ക് രണ്ട് തവണ 600 രൂപ നിരക്കിൽ തുക അനുവദിച്ചതായി കാണുന്നു(ചെക്ക് നമ്പർ/തീ: 6141/26-10-16, 22,210രൂപ).വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വാടക കൈപ്പറ്റിയ വ്യക്തി | വാഹനം/നമ്പർ | യാത്രയുടെ വിശദ വിവരങ്ങൾ |
|---|---|---|---|
| 9-8-16 | ശ്രീ അക്ബർ | ഓട്ടോ (KL55 J 6485) | പത്തമ്പാട് സബ് സെന്ററിന് കീഴിലുള്ളകരിമരം, കുറ്റിയത്ത് പാടം, എടപറമ്പത്ത്, മങ്ങാട് എന്നീ അംഗൻവാടികളിലേക്ക് ജീവനക്കാരെയും മരുന്നുകളും കൊണ്ടുപോയത് |
| 10-8-16 | ശ്രീ അഷ്റഫ് | ഓട്ടോ (KL 55 H 79) | പത്തമ്പാട് സബ് സെന്ററിന് കീഴിലുള്ള രാമനാലുക്കൽ, പത്തമ്പാട്, പത്തത്തിൽഎന്നീ അംഗൻവാടികളിലേക്ക് ജീവനക്കാരെയും മരുന്നുകളും കൊണ്ടുപോയത് |
| 11-8-16 | ശ്രീ അഷ്റഫ് | ഓട്ടോ (KL 55 H 79) | FWC നിറമരുതൂർ സെന്ററിന് കീഴിലുള്ള എരഞ്ഞിപ്പാടം, വള്ളിക്കാഞ്ഞിരം, യൂണിറ്റി,FWC നിറമരുതൂർഎന്നീ അംഗൻവാടികളിലേക്ക് ജീവനക്കാരെയും മരുന്നുകളും കൊണ്ടുപോയത് |

ഇതേ തീയതികളിൽ ഇതേ യാത്ര ചെയ്തതിന് തുടർന്നുള്ള തീയതിയിലുംചുവടെ കൊടുത്തിരിക്കും പ്രകാരം വാഹന വാടക നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 6950/06.03.17)

| തീയതി | വാടക കൈപ്പറ്റിയ വ്യക്തി | വാഹനം/നമ്പർ9-8-16 |
|---|---|---|
| 9-8-16 | ശ്രീ അക്ബർ | ഓട്ടോ(KL 55 J 6485) |
| 10-8-16 | ശ്രീ അക്ബർ | ഓട്ടോ(KL 55 J 6485) |

| | | |
|---|---|---|
| 11-8-16 | ശ്രീ അക്ബർ | ഓട്ടോ(KL 55 J 6485) |

ഇപ്രകാരം 9-8-16, 10-8-16, 11-8-16 എന്നീ തീയതികളിലായി നടത്തിയ യാത്രക്ക് രണ്ട് തവണയായി വാഹന വാടക നൽകിയതിലൂടെ അധികം നൽകിയ 1800 രൂപ തിരികെ ഈടാക്കേണ്ടതാണ്(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/7-10-17) മറുപടി ലഭ്യമായിട്ടില്ല ).

## 3-12 മരുന്ന് വാങ്ങൽ - ലഭ്യതാ വിവരം ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധപ്രൊജക്ടുകളിലായി മരുന്നുകൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും ചുവടെ കൊടുത്തിരിക്കും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട്/നമ്പർ | തുക | ട്രഷറി ബിൽ നമ്പർ/തീയതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തീയതി |
|---|---|---|---|
| നീണ്ടകാല രോഗങ്ങൾക്കുള്ള മരുന്ന് വിതരണം, SO0137/17 | 3,00,000 | 6/16-17,20-3-17 | PRF 748/26-11-16 |
| പരിരക്ഷ, SO059/17 | 1,40,000 | 7/16-17,20-3-17 | PRF 1605/17-1-17 |
| ആകെ = | 4,40,000 | | |

മേൽതുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No/date: 4/7-10-17) മറുപടി ലഭ്യമായിട്ടില്ല). ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 മരാമത്ത് പ്രൊജക്ടുകളുടെ ആവിഷ്ക്കരണവും, നിർവ്വഹണവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

മരാമത്ത് മേഖലയിൽ ആവിഷ്ക്കരിച്ച പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ തൻ വർഷം വൻ വീഴ്ച സംഭവിച്ചിട്ടുണ്ട്. 31 സ്പിൽ ഓവർ പ്രൊജക്ടുകളും, 64 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 20979941.00 രൂപ ആകെ അടങ്കൽ വരുന്ന 95 പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കാൻ പദ്ധതിയിട്ടെങ്കിലും 37 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവയുടെ ആകെ അടങ്കൽ 5065139.00 രൂപ (24%) മാത്രമാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം, തൻ വർഷം ആവിഷ്ക്കരിച്ച 64 പുതിയ പ്രോജക്ടുകളിൽ 62 എണ്ണം നിർവ്വഹിക്കുന്നതിന് കരാർ ഒപ്പുവച്ചിട്ടുണ്ട്. ഈ പ്രൊജക്ടുകളിൽ 83.87% പ്രൊജക്ടുകളും 3 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രൊജക്ടുകളാണ് (1 ലക്ഷം രൂപ വരെ 21 എണ്ണം, 100000 ന മുകളിൽ 2 ലക്ഷം വരെ 20 എണ്ണം, 200000 ന മുകളിൽ 3 ലക്ഷം വരെ 11 എണ്ണം, 300000 ന മുകളിൽ 4 ലക്ഷം വരെ 6 എണ്ണം, 4 ലക്ഷത്തിന മുകളിൽ 4 എണ്ണം) കുറഞ്ഞ അടങ്കലുള്ള പ്രൊജക്ടുകളുടെ ആധിക്യം, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസത്തിലൂടെ സ്ഥായിയായ നേട്ടങ്ങൾ ഇല്ലാതെ പോകുന്നതിനും, എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലഭ്യമായ മാനുഷിക വിഭവശേഷിയുടെ കാര്യക്ഷമമല്ലാത്ത വിനിയോഗത്തിനും, പദ്ധതി പണത്തിന്റെ ചെലവ് കുറയുന്നതിനും കാരണമാകുന്നുണ്ട്.

മേല്പറഞ്ഞ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, പ്രൊജക്ടുകളുടെ ആവിഷ്ക്കരണവും നിർവ്വഹണവും കൂടുതൽ

കാര്യക്ഷമമാക്കുന്നതിന്, വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ആശ്രയ പദ്ധതി നിശ്ചലാവസ്ഥയിൽ

പഞ്ചായത്തിലെആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 2004 മുതൽ 2007 വരെയുള്ള കാലയളവിലേക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. അതിന് ശേഷം ഒന്നാം ഘട്ടത്തിൽ തുടർ സേവന പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഒന്നാം ഘട്ടത്തിൽ ആകെ 17,23,075 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിനുള്ള സർവ്വേ 10-2-16 തീയതിയിൽ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ 17 വാർഡുകളിലെയും സർവ്വേ പൂർത്തീകരിച്ചതായും 315പുതിയ ഗുണഭോക്താക്കളെ കണ്ടെത്തിയതായും 4-10-17ന് സി.ഡി.എസിന്റെ ചാർജ് ഓഫീസർ അറിയിക്കുകയുണ്ടായി.പഞ്ചായത്തിൽ നിലവിൽ ആശ്രയ പദ്ധതി ഇല്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. സർവ്വേ പൂർത്തീകരിച്ച സ്ഥിതിക്ക് രണ്ടാം ഘട്ട പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പിലാക്കാൻ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 3-15 കുടുംബശ്രീ - പാചകവാതക വായ്പ - കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

സി.ഡി.എസ്-ന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ സി.ഡി.എസ്-ന്റെ പേരിൽ MDC ബാങ്കിന്റെ തിരൂർ ശാഖയിൽ നിന്നും എടുത്ത 5,60,000 രൂപയുടെ ഗ്യാസ് വായ്പയുടെ തിരിച്ചടവ് മുടങ്ങിക്കിടക്കുന്നതായി കാണുന്നു. (വായ്പ അക്കൗണ്ട് നമ്പർ: 202020, കടം നമ്പർ :KSL/00004). മേൽ വിഷയവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ കുടുംബശ്രീ യോഗങ്ങളുടെ മിനുട്സ് പുസ്തകത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു.

| തീരുമാനം | തീയതി |
|---|---|
| കുടുംബശ്രീയിലെ 280 അംഗങ്ങൾക്കായി 2000 രൂപ വീതം 12% പലിശ നിരക്കിൽ MDC ബാങ്കിൽ നിന്നും ഗ്യാസ് വായ്പ എടുത്തിട്ടുണ്ട്. | 27-1-04 |
| വായ്പാ തിരിച്ചടവ് കൈകാര്യം ചെയ്യാൻ CDS പ്രസിഡണ്ട്, CDSന്റെ ചാർജ് ഓഫീസർ എന്നിവരുടെ പേരിൽ നിറമരുതൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങുന്നു | 26-10-04 |
| 1-1-07ന് മുമ്പായിപലിശ അടക്കാത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കാനോ അല്ലെങ്കിൽ ഗ്യാസ് തിരിച്ചെടുക്കാനും തീരുമാനിക്കുന്നു | 27-3-06 |
| തിരിച്ചടവിൽ വീഴ്ച്ച വരുത്തുന്നവർക്ക് ഇനി മുതൽ കാർഡ് കൊടുക്കുകയോ ഗ്യാസ് നിറച്ച് കൊടുക്കുകയോ ചെയ്യേണ്ടതില്ലെന്ന്തീരുമാനിക്കുന്നു | 23-2-16 |
| കുടിശ്ശിക വരുത്തിയവരുടെ Gas connection തിരിച്ചെടുക്കാൻ തീരുമാനിക്കുന്നു | 26-2-07 |
| 1,70,000 രൂപയിലധികം കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. | 27-4-07 |

തുടർന്നുള്ള യോഗങ്ങളിലൊന്നും ഈ വിഷയം പിന്നീട് ചർച്ച ചെയ്തിട്ടില്ലെന്ന്

കാണുന്നു.പ്രസ്തുത വായ്പയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ 25-1-06ന് 2,79,785 രൂപ കുടിശ്ശിക ഉണ്ടെന്ന് കാണുന്നു (തുടർന്ന് പാസ്സ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല).

CDSന്റെ 2010-11വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങളാണ് പരാമർശിച്ചിട്ടുള്ളത്.

“No interest is seen accounted in r/o MDC Bank loan, statement is not produced, and also the balance is subject to confirmation. Also no repayment is seen received from members towards the loan disbursed”.

ആയതിനാൽ മേൽ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി വായ്പയുടെ നിജസ്ഥിതി അറിയാനും ആയതിൻമേൽ തുടർ നടപടികൾ സ്വീകരിക്കാനും CDSന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-16 വിതരണവിവരം ലഭ്യമാക്കിയില്ല

MO(PHC) നിർവ്ഹണം നടത്തിയ "രോഗ പ്രതിരോധ പ്രവർത്തനങ്ങൾ"എന്ന പ്രൊജക്റ്റ് പ്രകാരം 2016-17 വർഷ്ത്തിൽ ആകെ 1,80,000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിൽ 49,620രൂപ ഉപയോഗിച്ച് PHCയിലേക്ക് വിവിധ സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ചെക്ക് നമ്പർ/തീ:2235223/11-4-17). അതിൽ ചുവടെ കൊടുത്തിരിക്കുന്ന ഇനങ്ങളുടെ Stock – issue വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ഇനം | തുക | Inv.No/date | സ്ഥാപനം |
|---|---|---|---|
| Syringe, Plastic box, Bandage cloth | 10,040 | 5470/28-3-17 | Medico Surgicals, തീരൂർ |
| First aid box, മരുന്നുകൾ | 13,900 | 5469/28-3-17 | “ “ |
| ആകെ = | 23,940 | | |

മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ചെലവ് തുക, 23,940 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, താനൂർ | 2016-17 | 1,00,000 | 59/17, പരിരക്ഷാ പദ്ധതി | 47600 | 52400 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് നല്കൽ | 26/29-3-17 | 2,00,000 | - | 2,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | ഉദ്ദേശ്യം | ഉത്തരവ് നം. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുന് ബാക്കി | തൻ വർഷം അടച്ചത് മുതൽ | പലിശ | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | ഇ.എം.എസ്.ഭവന പദ്ധതി | G.O.(M.S) NO.942/2010/LSGD Dt.15.8.2010 | 5997000 | 2630325 | 701644 | 0 | 1928681 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8,088 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2008-09 | 3-10 | 3,738 | ശ്രീ ഗോവിന്ദൻ സി.പി. | 11616400005/29-6-16 |

| | | | | |
|---|---|---|---|---|
| 2011-12,12-13 | 2-2 | 4,000 | ശ്രീമതി ശ്രീദേവി, അറ്റൻഡന്റ്, വെറ്റി. ഡിസ്പെൻസറി | 255816/12-5-16 |
| 2011-12,12-13 | 2-3 | 200 | ശ്രീ കൃഷ്ണൻ ഇടിയാട്ട് | 11616100605/31-5-16 |
| 2011-12,12-13 | 2-3 | 150 | ശ്രീ വിജയകുമാർ | 11616100888/29-6- |

## 4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

ഇല്ല

## 4-8 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,82,91,123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,25,28,710 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,87,561രൂപ |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u> :

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-11 | | 1800 | ഡോ.സാക്കിർ, MO, (PHC) |
| ആകെ | | 1800 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 7,00,000 | ശ്രീ രജീന്ദ്രനാഥ്, സെക്രട്ടറി |
| 3-5 | 3,00,000 | -ടി- |
| 3-6 | 87,743 | ശ്രീമതി ഫാത്തിമത്ത് സുഹ്റ, മെഡി. ഓഫീസർ(ആയുർവ്വേദം) |
| 3-7 | 1,35,878 | ശ്രീ. എൻ.എം.ഷെറീഫ്, അസി.സെക്രട്ടറി |
| 3-9 | 1,00,000 | ഡോ.റമീസ് ടി.പി, വെറ്റി.സർജൻ |
| 3-12 | 4,40,000 | ശ്രീമതി ജസീന ഹമീദ്,മെഡി. ഓഫീസർ (ആരോഗ്യം) |
| 3-16 | 23,940 | ശ്രീമതി ജസീന ഹമീദ്,മെഡി. ഓഫീസർ (ആരോഗ്യം) |
| ആകെ | 14,87,561 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ : നഷ്ടം ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01ചെലവ്) | LFM15/635/04, തീ; 5-7-04 | 2 | |

| | | | |
|---|---|---|---|
| 2001-02 | LFM8/636/04, തീ: 6-7-04 | 9 | |
| 2002-03 | LFM15/212/05, തീ:8-5-05 | 9 | |
| 2003-04 | LFM15/2048/06,തീ:28-22-17 | 7 | |
| 2004-05 | LFM15/2049/06, തീ:6-2-08 | 3 | |
| 2005-06 | LFM15/2049/06, തീ:15-11-11 | 4 | |
| 2006-07 | LFM16/1494/11, തീ: 15-11-11 | 7 | |
| 2007-08 | LFM162037/11,തീ: 13-6-12 | 7 | |
| 2008-09 | LFM16/2037/11, തീ:25-4-12 | 18 | |
| 2009-10, 10-11 | LFM17/350/14, തീ:5-6-14 | 21 | |
| 2011-12, 12-13 | KSAMPM17/74/16, തീ :1-3-16 | 18 | |
| 2013-14, 14-15 | KSAMPM17/ | 6 | |
| 2015-16 | KSAMPM17/3271/16, തീ: 2-2-17 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1

# AUDIT CERTIFICATE

No.KSA/MPM/16/2353/17

Kerala State Audit Department

District Office, Malappuram

E-mail:dompm.ksad@kerala.gov.in

Dated : 07.11.2017

Certified that I have audited the Annual Financial Statement of Niramaruthur Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj institutions.

In my opinion, the financial statements of Niramaruthur Grama Panchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.എം.പി.എം/16/2353/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി: 07.11.2017

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ4-ം വകുപ്പ്, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 215-ം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾഅവലംബിച്ചും മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്